(6) 2004-ലെ കേരള സംസ്ഥാന ദൃശ്യ-മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, വളരെ പ്രധാനപ്പെട്ട ബില്ലാണ്. 2004-ലെ കേരള സംസ്ഥാന ദൃശ്യ-മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻകുമാർ : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ ഇതിനെ ഒപ്പോസ് ചെയ്യുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ദൃശ്യ-മാധ്യമ രംഗത്തെ വളരെ അത്യന്താധുനികമായ പ്രവണതകൾമൂലം മന്ത്രിക്കസേര ലഭിച്ച ആളാണ് അദ്ദേഹം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്നെത്തന്നെ ഫോക്കസ് ചെയ്യുമെന്ന് അറിയുമായിരുന്നെങ്കിൽ ഞാൻ വേറെ ഒരു പൊസിഷൻ എടുക്കാൻ ശ്രമിച്ചേനെ. അദ്ദേഹത്തിന്റെ ഫോക്കസ് ഇങ്ങോട്ട് തന്നെയാണ് വരുന്നത് . ദൃശ്യ-മാധ്യമങ്ങളുടെ സൃഷ്ടിയാണ് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : പ്രതാപവർമ്മ തമ്പാൻ ദൃശ്യമാധ്യമങ്ങളൊക്കെ വരുന്നതിനുമുമ്പേ കേരളത്തിലെ വിദ്യാർത്ഥി രംഗത്തും യുവജന രംഗത്തുമൊക്കെ പ്രവർത്തിച്ചതിന്റെ ചരിത്രപരമായ കാര്യങ്ങൾ ഈ നിയമസഭാ രേഖകൾ 10-15 വർഷം മുമ്പുള്ളത് പരിശോധിച്ചാൽ തന്നെ കാണാവുന്നതേയുള്ളൂ. അതുകൊണ്ട് ഇതൊന്നും ഒരു ചർച്ചാവിഷയമാക്കേണ്ട. എനിക്ക് പറയാനുള്ളത് ദൃശ്യമാധ്യമങ്ങളെ എതിർക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്, മുൻമന്ത്രി ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവസാനമായി ഒരു ബില്ലിനെ എതിർത്തപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു, എന്തായാലും അങ്ങേയ്ക്ക് തന്നിരിക്കുന്നത്, അങ്ങയെ മറുപടി പറയാൻ സുമതവപ്പെടുത്തിയിരിക്കുന്നത് ഈ വെള്ളിയാഴ്ച ദിവസമാണ്, അതായത് സുന്നത്തായ ദിവസമാണ്. ഈ ദിവസംതന്നെ ഇതെല്ലാം തള്ളുക എന്നുള്ളതുകൊണ്ട് അങ്ങേക്ക് പരലോകത്തുപോലും മോക്ഷം കിട്ടില്ല എന്ന് ഞാൻ ശപിച്ചു വിട്ടതേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : ശാപം വേണ്ട.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ ശ്രീ. ജി. പ്രതാപവർമ്മ തമ്പാനെപ്പോലെ ഒരാളിന്റെ, ഉഗ്രശക്തിയുള്ള ശാപത്തിന് വിധേയനാകാൻ ആഗ്രഹിക്കുന്നില്ല. ഞാനിവിടെ oppose ചെയ്യാൻ കാരണം ദൃശ്യമാധ്യമ രംഗത്തു പ്രവർത്തിക്കുന്ന ആളുകൾക്ക് ഇതിനേക്കാൾ വിപുലമായ സാധ്യതകളുണ്ടാക്കാൻ കഴിയും എന്നതാണ്. അത് വഴുകരിക്കണ്ട, വിപുലമായ സാധ്യതകളിലേക്ക് അവരെ കൂട്ടിക്കൊണ്ടുപോകണമെന്നുള്ള എന്റെ ഒരാഗ്രഹമാണ്. അതുകൊണ്ട് അദ്ദേഹം പറഞ്ഞ സ്പിരിറ്റിൽ തന്നെയാണ് ഞാനിത് എടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ബഹുമാന്യനായ മന്ത്രി കഥയറിയാതെ ആട്ടം കാണുകയാണ്. 2004-05-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് 36-ൽ നമ്മുടെ ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി പത്രപ്രവർത്തകർക്കുള്ള പെൻഷൻ പദ്ധതി ആനുകാലികമായി ദൃശ്യ- മാധ്യമങ്ങളിലും ജോലി നോക്കുന്നവർക്കുകൂടി, ബാധകമാക്കും. ഇതിലേക്കായി വർഷംതോറും 10 ലക്ഷം രൂപയുടെ അധികച്ചെലവ് ഞാൻ പ്രതീക്ഷിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത് ബഹുമാന്യനായ മന്ത്രി മറന്നുപോയതിൽ ഞാൻ നിർവ്യാജം ഖേദിക്കുന്നു. സംസ്ഥാനത്തെ ദൃശ്യമാധ്യമരംഗത്ത് .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. വിപുലമായ സാധ്യതകളിലേക്ക് വരുന്നതിന് ശ്രീ. ജി. പ്രതാപവർമ്മ തമ്പാനായിട്ടെന്തിനാണ് കുറയ്ക്കുന്നത് ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഞാനത് കുറയ്ക്കാനല്ല, അതിന്റെ ഗതിവേഗം കൂട്ടാൻ മാത്രമാണ് ശ്രമിക്കുന്നത്. എന്റെ ബിൽ തന്നെ ഇവിടെ വന്നിട്ട് ഒരുവർഷമായി. ഇപ്പോൾ മാത്രമേ ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞുള്ളൂ. ദൃശ്യമാധ്യമ രംഗത്ത്..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അവർ രണ്ട് ഗ്രൂപ്പാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : രണ്ടെന്നുപറയുന്നത് ബ്ലഡ് ഗ്രൂപ്പാണ്. എന്റേത് എ പോസിറ്റീവാണ്, അദ്ദേഹത്തിന്റേത് എ നെഗറ്റീവാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അത് തെറ്റാണ്. എന്റെ ബ്ലഡ് ഗ്രൂപ്പ് എബി പോസിറ്റീവാണ്. ഗ്രൂപ്പിൽ എന്റെ input എന്നുപറഞ്ഞാൽ എന്റെ ബ്ലഡ് തന്നെയാണ്. അതുകൊണ്ട് എന്റെ ഗ്രൂപ്പിൽ നിന്നും എന്നെ പുറത്താക്കാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനല്ല ആരു വിചാരിച്ചാലും നടക്കില്ല.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : മിനിസ്റ്റർ മിനിസ്റ്ററുടെ ജോലി ചെയ്യും, മെമ്പർ മെമ്പറുടെ ജോലി നോക്കിയാൽ മതി.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ദൃശ്യമാധ്യമരംഗത്തെ തൊഴിലാളികൾ എന്ന് പൊതുവെ പറയുമ്പോൾ അതിൽ സിനിമ, ടി.വി. പരിപാടികൾ ചെയ്യുന്ന എൻ.ടി.വി. പോലുള്ള സ്ഥാപനങ്ങൾ, കേബിൾ ടി.വി. എന്നിവ വരും. ബില്ലിൽ ക്ഷേമനിധി ആവശ്യപ്പെടുന്നത് മുഖ്യമായി ടി.വി. ചാനലിൽ ജോലിചെയ്യുന്നവർക്കു വേണ്ടിയായിരിക്കണം. സംസ്ഥാനത്ത് കേന്ദ്രസർക്കാർ ഉടമയിലുള്ള ദൂരദർശനുപുറമെ ഏഷ്യാനെറ്റ്, സൂര്യ, കൈരളി, ജീവൻ, ഇന്ത്യാവിഷൻ, അമൃത, കിരൺ എന്നീ ടി.വി. ചാനലുകളും സാറ്റലൈറ്റ് ചാനലുകളുമുണ്ട്. പുതിയ ഒരു സ്വകാര്യ ചാനൽ വരാൻ പോകുന്നു. ഈ സ്വകാര്യ ചാനലുകളുടെ administrative structure-ൽ ഓരോന്നിലും വ്യത്യസ്തമായ തസ്തികകൾ കാണാം. എങ്കിലും റിപ്പോർട്ടർ മുതൽ മുകളിലേയ്ക്കുള്ള എക്സിക്യൂട്ടീവുകളാണ് കൂടുതലും. അവരുടെ ശമ്പളവും തൊഴിലാളികളുടെ ശമ്പളവും തമ്മിൽ അജഗജാന്തരമുണ്ട്. ഉദാഹരണമായി കൈരളി ടി.വി.യിൽ വലിയ ശമ്പളമാണ് ഉയർന്ന പോസ്റ്റുകളിലുള്ള ആളുകൾക്കെല്ലാം കിട്ടുന്നത്. ശ്രീ. എം.എ. ബേബിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാര്യയ്ക്ക് എത്രയാണ് ശമ്പളം ? പക്ഷേ പാവപ്പെട്ടവർക്ക് ഒന്നുമില്ല. സാധാരണ ജീവനക്കാർക്ക് ശമ്പളം 2500 രൂപ മുതൽ 5000 രൂപവരെയാണ് പരമാവധിയുള്ളത്. ബിൽലിൽ രണ്ടാം ഖണ്ഡികയിൽ ദൃശ്യമാധ്യമ രംഗത്തെ തൊഴിലാളി എന്നാൽ സംസ്ഥാനത്ത് നിശ്ചിത തുക പറ്റി ദൃശ്യമാധ്യമങ്ങളിൽ ജോലി ചെയ്യുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഏഷ്യാനെറ്റ്, കൈരളി തുടങ്ങിയ സ്ഥാപനങ്ങളിൽ താഴ്ന്ന ജീവനക്കാർക്ക് നൽകുന്ന പ്രതിമാസ ശമ്പളം 5000 രൂപവരെയാണ്. ഇത് നല്ലൊരു സ്കെയിലാണ്. അതിനാൽ നിശ്ചിത തുകയെന്നുള്ളത് ഞാൻ 5000 രൂപയായി നിജപ്പെടുത്തുകയാണ്. അതുപോലെ തസ്തികകളുടെ കാര്യത്തിൽ ക്യാമറാമാന് തൊട്ടുതാഴെയുള്ള Camera Assistant, Light boy, Cassette Editor, Technical Editor, Technicians എന്നിവർ.....

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അങ്ങ് ഈ സഭയിൽ നിരവധി ബില്ലുകൾ അവതരിപ്പിക്കുന്നതിൽ ഒരു വിദഗ്ദ്ധൻ തന്നെയാണ്. അങ്ങയുടെ രണ്ടുമൂന്നു ബിൽലുകൾ ഒരേ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സിനിമാ രംഗത്തോ അല്ലെങ്കിൽ ചാനലുകളിലേക്കോ അല്ലെങ്കിൽ ദൃശ്യമാധ്യമ രംഗത്തോ ഒക്കെത്തന്നെ ഇന്ന് നിറഞ്ഞുനിൽക്കുന്ന അഭിനയ രംഗത്തുള്ള വരുൾപ്പടെ പാവപ്പെട്ടവരായ സ്ത്രീപുരുഷന്മാരെയൊക്കെ കണക്കിലെടുത്തുകൊണ്ട് അവർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനാവശ്യമായ ഒരു ബിൽ ഈ സഭയിൽ അവതരിപ്പിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : എന്റെ അടുത്ത ബിൽ അതുതന്നെയാണ്. സമാന തസ്തികയിൽ ജോലിചെയ്യുന്നതിന് ക്ഷേമനിധി ഏർപ്പെടുത്തുന്നത് ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താം. ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജോലിചെയ്യുന്ന പത്രപ്രവർത്തകർക്ക് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ മന്ത്രി ഇത് നിർദ്ദേശിച്ചിട്ടുള്ളതാണ്. അതിനാൽ അതുസംബന്ധിച്ച നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയാണ്. ക്യാമറാമാൻ മുതൽ റിപ്പോർട്ടർ, എഡിറ്റർ വരെ മുകളിലേക്കുള്ള പത്രപ്രവർത്തകരെ ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ല. അവർക്ക് നേരത്തേതന്നെ ക്ഷേമനിധിയുണ്ട്. നിലവിലുള്ള 7 സ്വകാര്യ ചാനലുകൾക്ക് ഒരു ക്യാമറാ യൂണിറ്റിന് 5 പേർ എന്നുള്ളത് കണക്കിലെടുത്താൽപ്പോലും സ്റ്റേറ്റിലെ 14 ജില്ലകളിലും ന്യൂഡൽഹിയിലുമുള്ള ചാനലുകളിലും സ്റ്റുഡിയോകളിലുമായി ജോലി ചെയ്യുന്നവർ രണ്ടായിരത്തിലേറെ വരില്ല. ഇന്ത്യയിൽ നിലവിലുള്ള എല്ലാ ചാനലുകൾക്കും reporting team ഇല്ല. വാർത്താധിഷ്ഠിത പരിപാടികൾ നിർമ്മിക്കുന്ന N-TV, Hyphen Communications പോലുള്ള സ്ഥാപനങ്ങൾ സംസ്ഥാനത്ത് പത്തിലധികം ഉണ്ടാവുകയില്ല. അപ്രകാരം നോക്കിയാൽ അവരുടെ എണ്ണം 150-ൽ കൂടുതലാകാൻ ഇടയില്ല. വെബ് ഏറ്റവും പുതിയ ഇലക്ട്രോണിക് മാധ്യമമാണ്. വെബ് ലോകം പോലുള്ള ഏജൻസി സംസ്ഥാനത്ത് പത്തിനുമേൽ കാണില്ല. അവയിൽ എല്ലാംകൂടി 200 പേർ പ്രവർത്തിക്കുന്നുണ്ട് എന്ന് പരമാവധി കണക്കാക്കാം. അങ്ങനെ ചാനലുകളിലും news production agency-കളിലും വെബിലുമായി ഏറിയാൽ 2000-നും 2500-നുമിടയ്ക്ക് ജീവനക്കാരേ വരികയുള്ളൂ. അതിനാൽ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ദൃശ്യമാധ്യമ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നവർ ഒരു ലക്ഷമുണ്ടാകും എന്ന് പറഞ്ഞിട്ടുള്ളത് അത്രയുമുണ്ടാകില്ല. അത് പരമാവധി എല്ലാവരുംകൂടി ചേർന്നാൽ 10,000 പേർ മാത്രമേ ഉണ്ടാകാൻ സാധ്യതയുള്ളൂ. കേബിൾ ടി.വി. ജീവനക്കാർക്കുള്ള ക്ഷേമനിധിക്കായി മറ്റൊരു ബിൽ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. ഇതുരണ്ടുംകൂടി വരുമ്പോൾ ഒരുമിച്ച് ഒരു ബിൽ ആക്കി വേണമെങ്കിൽ ഗവൺമെന്റിന് അവതരിപ്പിക്കാവുന്നതാണ്. അപ്രകാരം ടി. വി., സാറ്റലൈറ്റ് ചാനൽ, വാർത്താധിഷ്ഠിത ന്യൂസ് ഏജൻസി, വെബ് എന്നിവയിലെ 2500-ഓളം തൊഴിലാളികളുടെ പരാതി മാറ്റാൻ അംശാദായം രണ്ടുരൂപ പ്രകാരം പ്രതിവർഷം 72,000 രൂപയും തൊഴിലുടമാവിഹിതമായി 5% വച്ച് 3,600 രൂപയും തത്തുല്യമായ സർക്കാർ വിഹിതമായ 75,600 രൂപയും ചേർത്ത് പ്രതിവർഷം 1,51,200രൂപ മാത്രമേ ക്ഷേമനിധിയിൽ ഉണ്ടാവുകയുള്ളൂ. അതിനാൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ഞാൻ പറയുന്നതുപോലെ ഈ ബില്ലിൽ പറയുന്ന അത്രയും അംഗസംഖ്യ ഇല്ലാത്തതുകൊണ്ട് നേരത്തേ പറഞ്ഞ ആളുകളെ ഇതിനോട് ചേർത്ത് ഒന്നായി പരിഗണിക്കാവുന്നതാണ്. ഇതിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നുവെങ്കിൽ ഇവരെ എല്ലാവരേയും പരിഗണിക്കുന്ന കൂട്ടത്തിൽ സിനിമാരംഗത്തേക്ക് വരുന്നവരെക്കൂടി ചേർക്കാനും അവർക്ക് ഒരു ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടിയും അവരുടെ നന്മയ്ക്കു വേണ്ടിയും ഉതകുന്നതിനാണ് ഞാൻ ഈ ബിൽ അവതരിപ്പിച്ചത്. അടുത്ത ദിവസം ചർച്ച തുടരുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന് അങ്ങയുടെ സമയം കഴിഞ്ഞു. അടുത്ത ബില്ലിനുള്ള പ്രമേയം അവതരിപ്പിക്കാം.

(ചർച്ച തുടരും)

(7) 2004-ലെ കേരള സിനി വർക്കേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-ലെ കേരള സിനി വർക്കേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻകുമാർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നേരത്തേ പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ ഞാനിതിനെ oppose ചെയ്യുകയാണ്. ഇതിന്റെ സ്പിരിറ്റിനെ എതിർക്കുന്നില്ല. പക്ഷേ ഈ പ്രമേയത്തെ oppose ചെയ്യുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: കേരള സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന ഒരു മേഖലയാണ് ചലച്ചിത്ര മേഖല; അതിൽ ആർക്കും സംശയമുണ്ടാകേണ്ട കാര്യമില്ല. സിനിമാ നിർമ്മാണവും വിതരണവും പ്രദർശനവുമൊക്കെ വളരെ ബൃഹത്തായ ഒരു മേഖലയാണ്. ആ രംഗത്തെ തൊഴിലാളികൾക്ക് യാതൊരുവിധ സുരക്ഷിതത്വവും ഇല്ലാത്ത തരത്തിലേക്കാണ് സമീപകാല സംഭവവികാസങ്ങൾ എത്തിയിരിക്കുന്നത്. രാഷ്ട്രീയത്തിലെ

LIBRARY ARCHIVES Kerala Legislative Assembly